പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1562 | 06.03.2017-ൽ മറുപടിയ്ക്ക് |
|---|---|

**പുന:ചംക്രമണ വ്യവസായം പ്രോത്സാഹിപ്പിക്കാൻ നിക്ഷേപക സംഗമം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.എം.മുകേഷ്<br>ശ്രീമതി.യു.പ്രതിഭ ഹരി | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനം മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി പുന:ചംക്രമണ വ്യവസായം പ്രോത്സാഹിപ്പിക്കാൻ നിക്ഷേപക സംഗമം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | ഉണ്ട്. 13.01.2017 ന് കൊച്ചിയിലെ ഹോട്ടൽ ക്രൗൺ പ്ലാസയിൽ വച്ച് നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇത് എപ്രകാരമാണ് നടപ്പാക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | സുസ്ഥിര ഖരമാലിന്യ പരിപാലനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പ്ലാസ്റ്റിക്, ഇ-വേസ്റ്റ് തുടങ്ങിയ ഖരമാലിന്യങ്ങളുടെ പുനചംക്രമണം ഉറപ്പാക്കുന്നതിന് സംസ്ഥാനത്തിനകത്തുതന്നെ കൂടുതൽ റീസൈക്ലിങ് വ്യവസായങ്ങൾ ആരംഭിക്കുക, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ൽ വിപക്ഷിക്കും പ്രകാരം നിർമാതാക്കൾ, ഉത്പാദകർ എന്നിവരിൽ നിക്ഷിപ്തമായിട്ടുള്ള എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി ഉറപ്പാക്കുക എന്നിവയാണ് നിക്ഷേപകസംഗമത്തിന്റെ ലക്ഷ്യം. ഇത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട കൂടുതൽ വിശദാംശങ്ങൾക്ക് രൂപം നൽകിവരുന്നതേയുള്ളൂ. |
| (സി) | ആരൊക്കെയാണ് ഇതിൽ പങ്കാളികളാകുന്നതെന്നും ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നതെന്നും വ്യക്തമാക്കാമോ; | (സി) | വ്യവസായ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടെ ബ്രാന്റ് ഉടമകൾ, ഉദ്പാദകർ, പുനചംക്രമണ സംരംഭകർ, സാങ്കേതിക വിദഗ്ദർ, നിക്ഷേപകർ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. |
| (ഡി) | 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം' എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് പ്രസ്തുത പദ്ധതി എപ്രകാരമെല്ലാം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | തരംതിരിച്ച് വൃത്തിയാക്കിയ അജൈവമാലിന്യം പുനചംക്രമണത്തിനായി കൈമാറേണ്ടതാണെന്ന ആശയം എല്ലാ പൗരന്മാരിലുമെത്തിക്കുന്നതിനും എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി പ്രകാരം എല്ലാ മാനുഫാക്ചർമാരും, ബ്രാൻഡ് ഉടമകളും, ഉദ്പാദകരും പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ സുരക്ഷിതമായി പുനചംക്രമണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ടെന്നുമുള്ള സന്ദേശം നൽകുവാനുമാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ